SAHRUDAYA
WELFARE SERVICES ERNAKULAM

# സഹൃദയ വീഥി

വെൽഫെയർ സർവീസസ് എറണാകുളം
പ്രതിവാര വാർത്ത പത്രിക

## യോഗാ അലയൻസ് ഇൻറ്റർനാഷണൽ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു

നബാർഡിന്റെ സഹകരണത്തോടെ സഹൃദയ നടപ്പിലാക്കിയ യോഗാ അധ്യാപക ട്രെയിനിങ് കോഴ്സിന്റെ ഭാഗമായി പരിശീലനം നേടിയ യോഗാ അധ്യാപകർക്കുള്ള യോഗാ അലയൻസ് ഇൻറ്റർനാഷണൽ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു. എറണാകുളം സഹൃദയയിൽ വെച്ച് നടന്ന ചടങ്ങിൽ സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അൻസിൽ മായ്പ്പാൻ ഉത്ഘാടനം ചെയ്തു. പരിശീലനം നേടിയ 30 യോഗാ അധ്യാപകരെ ആദരിക്കുന്നതിനോടപ്പം യോഗാ അധ്യാപകർക്കുള്ള തൊഴിൽ സാധ്യതകളെ ഉപകാരപ്രദമാക്കണമെന്നും ആരോഗ്യസംരക്ഷണത്തോടപ്പം യോഗ ഒരു ജീവനോപാധിയാണെന്നും ആരോഗ്യപരമായ ശീലങ്ങൾ പുതുതലമുറയ്ക്ക് യോഗയിലൂടെ പകർന്ന് കൊടുക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സഹൃദയ ആത്മയോഗാ അക്കാദമി ഡയറക്ടർ ഫാ. ബൈജു വര്ഗീസ്, പ്രോഗ്രാം ഓഫീസർ മാത്യൂസ് കെ.ഒ, എന്നിവർ എല്ലാവർക്കും ആശംസകൾ അർപ്പിച്ചു സംസാരിച്ചു.




## വഴിയോരങ്ങളിൽ ദാഹമകറ്റാൻ സഹൃദയ അമൃതം പദ്ധതി




യാത്രക്കാർക്ക് ബസ് സ്റ്റോപ്പുകളിലും കാത്തിരിപ്പു കേന്ദ്രങ്ങളിലും ദാഹമകറ്റാൻ സൗജന്യമായി കുടിവെള്ളം നൽകുന്ന അമൃതം പദ്ധതിക്ക് തുടക്കമായി. എറണാകുളംഅങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിലാണ് അമൃതം പദ്ധതി നടപ്പാക്കുന്നത്. വൈറ്റില അഞ്ചുമുറി ബസ്റ്റോപ്പിൽ സ്ഥാപിച്ച കുടിവെള്ള വിതരണ സംവിധാനത്തിന്റെ ഉദ്ഘാടനം സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ നിർവഹിച്ചു. കാരിത്താസ് ഇന്ത്യ പ്രകൃതി വിഭവ പരിപാലന വിഭാഗം മേധാവി ഡോ . വി. ആർ. ഹരിദാസ്, സഹൃദയ അസിസ്റ്റൻറ് ഡയറക്ടർ ഫാ. അൻസിൽ മയ്പാൻ, പൊന്നുരുന്നി സി.എസ് .ബി. ബാങ്ക് മാനേജർ അരുൺ കുമാർ, ഓട്ടോ റിക്ഷാ ഡ്രൈവർമാർ തുടങ്ങിയവർ പങ്കെടുത്തു. കൊച്ചി നഗരത്തിലെ പ്രധാന ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ അമൃതം പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു.

## അതിഥിതൊഴിലാളികൾക്ക് മാസ്ക് വിതരണം

എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥിതൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന സുധാർ പദ്ധതിയുടെ ആഭിമുഖ്യത്തിൽ കോവിഡ്ഭാ പ്രതിരോധപ്രവര്ത്തനങ്ങളുടെ ഭാഗമായി കൊച്ചി വാത്തുരുത്തിയിൽ താമസിക്കുന്ന അഞ്ഞൂറോളം അതിഥി തൊഴിലാളികൾക്ക് സൗജന്യ മാസ്ക് വിതരണം നടത്തി. സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അൻസിൽ മയ്പാൻ അതിഥി തൊഴിലാളികളുടെ പ്രതിനിധികൾക്ക് മാസ്ക് നൽകി വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു. കൊച്ചി നഗരസഭാ കൗൺസിലർ ടിബിൻ ദേവസി, സഹൃദയ കോ ഓർഡിനേറ്റർ അനന്തു ഷാജി എന്നിവർ സന്നിഹിതരായിരുന്നു.